Malappuram District Police

**15.07.2017 എടവണ്ണ**

മണൽക്കടത്ത് പിടികൂടാനെത്തിയ പോലീസിനെ ആക്രമിച്ച കേസിലെ പ്രതിയെ പിടികൂടി. ജില്ലാ പോലീസ് മേധാവിയുടെ സംഘത്തിലെ പോലീസുകാരനെ ആക്രമിച്ച കേസിൽ പ്രതി വടശ്ശേരി സ്വദേശി പാറക്കുണ്ടിൽ ഇഖ്ബാലി(27)നെയാണ് എടവണ്ണ പോലീസ് പിടികൂടിയത്. കഴിഞ്ഞ എട്ടിന് രാവിലെ 11 മണിയോടെയാണ് കേസിന്നാസ്പദമായ സംഭവം. എടവണ്ണ പൊട്ടിക്കടവിൽ പരിശോധനക്കെത്തിയ പോലീസുകാരന്റെ ബൈക്കിൽ ടിപ്പറിടിപ്പിച്ച് വധിക്കാൻ ശ്രമിച്ചെന്നാണ് കേസ്. എടവണ്ണ എസ്.ഐ. ബിനുതോമസ്, അഡീഷണൽ എസ്.ഐ. സുരേഷ്കുമാർ, സിവിൽ പോലീസ് ഓഫീസർമാരായ രതീഷ്, സദഖത്തുള്ള, സുഭാഷ്, ശ്രീജിത്, ഹോം ഗാർഡ് മോഹൻദാസ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റുചെയ്തത്.